# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5187 06.02.2014-ൽ മറുപടിയ്ക്ക്**

**പോലീസ് വാഹനത്തിനു മുകളിലിരുന്ന് യാത്ര ചെയ്തവർക്കെതിരെ കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) എ.ഐ.സി.സി. ഉപാദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധി, കേരള സന്ദർശനത്തിന്റെ ഭാഗമായി മാവേലിക്കര ചാരുംമൂട് ആദിക്കാട്ടുകുളങ്ങരയിൽ പോലീസ് ജീപ്പിനുമുകളിൽ ഇരുന്ന് യാത്ര ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അദ്ദേഹത്തോടൊപ്പം വാഹനത്തിനു മുകളിൽ എത്രയാളുകളാണ് ഉണ്ടായിരുന്നത് ; വ്യക്തമാക്കാമോ ; ഇവർക്കെതിരെ കേസെടുത്തിട്ടുണ്ടോ ; ചുമത്തിയ വകുപ്പുകൾ ഏതെല്ലാം ; വ്യക്തമാക്കാമോ ; | (ബി) അദ്ദേഹത്തോടൊപ്പം വാഹനത്തിനു മുകളിൽ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ഭടന്മാരും, കൈക്ക് പരിക്ക് പറ്റിയ "യുവ കേരള യാത്രാ "ക്യാപ്റ്റൻ ശ്രീ. ഡീൻ കുര്യാക്കോസും ഉണ്ടായിരുന്നു. ഇവർക്കെതിരെ കേസെടുത്തിട്ടില്ല. |
| സി) കേസെടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഇവർക്കെതിരെ കേസെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) ശ്രീ. രാഹുൽ ഗാന്ധി, എം.പി. 13.01.2014 തീയതി യൂത്ത് കോൺഗ്രസ് നടത്തുന്ന യുവ കേരള യാത്രയിൽ (പദയാത്ര) അണിചേരുന്നതിനായി കേരളം സന്ദർശിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിലെ ചാരുംമൂടിനു സമീപം പാറ ജംഗ്ഷനിൽ വച്ച് പദയാത്രയിൽ അണിചേർന്ന അദ്ദേഹം സുരക്ഷാ വലയത്തിലൂടെ ഏകദേശം രണ്ടു കിലോമീറ്ററോളം നടന്ന് ആദിക്കാട്ടുകുളങ്ങരയിലെത്തി. നടന്നു പോകുന്ന പ്രവർത്തകർക്കിടയിലൂടെ നടന്നിരുന്ന അദ്ദേഹത്തെ റോഡിനിരുവശവും തിങ്ങി നിറഞ്ഞിരുന്ന പ്രവർത്തകർക്കും മറ്റു പൊതുജനങ്ങളായ കാഴ്ചക്കാർക്കും നല്ലവണ്ണം കാണുവാൻ സാധ്യമല്ലാത്തതിനാൽ അവർ അദ്ദേഹത്തെ കാണുവാനായി തിക്കും തിരക്കും കൂട്ടുകയും അതുമൂലം അവിടെ കൂടിയിരുന്ന ജനങ്ങൾക്കും പ്രവർത്തകർക്കും അപകടം സംഭവിച്ചേക്കാമെന്ന സ്ഥിതി സംജാതമാവുകയും ചെയ്തു. ഇത് പരിഗണിച്ചാണ് അദ്ദേഹത്തെ ചുറ്റുമുള്ള എല്ലാവർക്കും കാണത്തക്ക രീതിയിൽ, മറ്റു തുറന്ന വാഹനങ്ങൾ ഒന്നുമില്ലാതിരുന്നതിനാൽ മോട്ടോർ കേഡിലെ ഒരു വാഹനത്തിനു മുകളിൽ കയറ്റി മുന്നോട്ടു കൊണ്ടുപോകാൻ അദ്ദേഹത്തെ അനുഗമിച്ചിരുന്ന സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ തീരുമാനപ്രകാരം അദ്ദേഹത്തെ വാഹനവ്യൂഹത്തിലെ രണ്ടാമത്തെ അകമ്പടി വാഹനത്തിന്റെ മുകളിൽ കയറ്റിയത്. പ്രത്യേക ഏജൻസികളുടെ സംരക്ഷണയിലുള്ള വ്യക്തികൾക്ക് എത്രയും പെട്ടെന്ന് സംരക്ഷണം ഉറപ്പാക്കുക എന്നുള്ളത് ആ ഏജൻസികളുടെ |

പ്രഥമ പരിഗണനയായതിനാൽ ആണ് അവർ ഇത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടത്. ഈ അവസരത്തിൽ സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ഉദ്യോഗസ്ഥരും കേരള പോലീസ് സേനാംഗങ്ങളും അദ്ദേഹത്തിനു സംരക്ഷണം നൽകി അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പം പദയാത്രയിൽ ഉണ്ടായിരുന്ന കൈക്ക് പരിക്ക്പറ്റി ബാൻഡെജ് ഇട്ടിരുന്ന "യുവ കേരള യാത്രാ "ക്യാപ്ടൻ ശ്രീ. ഡീൻ കര്യാക്കോസിനെയും തിരക്കിൽ നിന്നും രക്ഷിക്കുവാനാണ് രാഹുൽ ഗാന്ധിയോടൊപ്പം വാഹനത്തിനു മുകളിൽ കയറ്റിയത്. ഇതിൽ സുരക്ഷാക്രമീകരണമല്ലാതെ മോട്ടോർ വാഹന നിയമലംഘനം നടന്നിട്ടില്ലാത്തതിനാലാണ് കേസെടുക്കാതിരുന്നത്.

ഇത് സംബന്ധിച്ച് 4 പരാതികൾ ലഭിക്കുകയും അവയിൽ ആലപ്പുഴ ജില്ലാ നാർകോട്ടിക് സെൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഡി. മോഹനൻ പ്രാഥമിക അന്വേഷണം നടത്തി വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ